(ബി) 30 എണ്ണം.

ഒരു നിലകെട്ടിം–23,

രണ്ട് നിലകെട്ടിടം–5,

മൂന്ന് നിലകെട്ടിടം–2

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ—ജി) വിവരം ശേഖരിച്ചു വരുന്നു.

തീരപ്രദേശം പദ്ധതിയനുസരിച്ച് വീടുവയ്ക്കാൻ ലൈസൻസ്

113 [2605] ശ്രീ. കെ. എ. ചന്ദ്രൻ:

„ പ്രയാർ ഗോപാലകൃഷ്ണൻ:

„ എം. കെ. പോൾസൺമാസ്റ്റർ:

„ എം. മുരളി:

„ ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശം പദ്ധതിയുടെ പരിധിയും വ്യാപ്തിയും അതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും സംബന്ധിച്ച രേഖകൾ തിരുവനന്തപുരം കോർപ്പറേഷന്റെ പക്കൽ ഉണ്ടോ; എങ്കിൽ വീടുവയ്ക്കാൻ ലൈസൻസിന് അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാതെ ഓരോ അപേക്ഷകനേയും ഇക്കാര്യത്തിൽ ട്രിഡയുടെ എൻ.ഒ.സി. ലഭ്യമാക്കി ഹാജരാക്കണം എന്ന് നിർദ്ദേശിക്കുന്നത്, കാലതാമസത്തിനും അപേക്ഷകരെ പ്രയാസപ്പെടുത്താനും കാരണമാകുന്നു എന്നതു കണക്കിലെടുത്ത് ഇക്കാര്യത്തിൽ കോർപ്പറേഷൻ തന്നെ രേഖകൾ പരിശോധിച്ച് ലൈസൻസ് നൽകണം എന്ന നിർദ്ദേശം നൽകുമോ;

(ബി) ഇതിനാവശ്യമായ രേഖകൾ കോർപ്പറേഷന്റെ പക്കൽ ഇല്ലാത്തപക്ഷം അത് ലഭ്യമാക്കി പരിശോധിച്ച് അപേക്ഷകളിൽ തീരുമാനമെടുക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 25-5-2001-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.139/2001/തസ്വഭവ പ്രകാരം ട്രാവൻകൂർ നഗരാസൂത്രണ ആക്ടിന്റെ മൂന്നാം വകുപ്പനുസരിച്ച് തിരുവനന്തപുരം താലൂക്കിലെ ആറ്റിപ്ര, ചെറുവയ്ക്കൽ, കടകംപള്ളി, പാൽക്കുളങ്ങര (പേട്ട), ഐരാണിമുട്ടം (മണക്കാട്), മുട്ടത്തറ എന്നീ വില്ലേജുകൾ തീരപ്രദേശം പദ്ധതിക്കുവേണ്ടി നിയന്ത്രിത മേഖലയായി പ്രഖ്യാപിക്കുകയും, പ്രസ്തുത ഉത്തരവ് പ്രകാരം ടി പ്രദേശങ്ങളിലെ വികസന അതോറിറ്റിയായി ട്രിഡയെ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ചുമതലപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്നതിനാൽ ആണ് ടി പ്രദേശത്ത് വീടുവയ്ക്കാൻ അനുമതിയ്ക്ക് ട്രിഡയുടെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നത്. നിയന്ത്രിത മേഖലയിൽ അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ തടയുവാനും ടൗൺ പ്ലാനിംഗ് റൂൾ-3 അനുസരിച്ച് ഈ പ്രദേശത്ത് തീരപഥം പദ്ധതിക്ക് അനുസൃതമായി ആസൂത്രിതമായ രീതിയിൽ വികസിപ്പിക്കാനും വേണ്ടിയാണ് ട്രിഡയെ ഈ പ്രദേശങ്ങളുടെ ഡവലപ്പ്മെന്റ് അതോറിറ്റിയായി സർക്കാർ നിയോഗിച്ചത്.

(ബി) ബാധകമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിയന്ത്രണം

114 [2606] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുമ്പോൾ ആ തുക എപ്രകാരം ചെലവഴിക്കണം എന്നു നിർദ്ദേശം നൽകുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്രകാരം എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(സി) ഇപ്രകാരം നിർദ്ദേശം നൽകുന്നതിനുമുമ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തി അവരുടെ അഭിപ്രായങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഓരോ പഞ്ചായത്തിന്റേയും പ്രത്യേക സ്ഥിതി കണക്കിലെടുക്കാതെ മുൻഗണന നിശ്ചയിക്കുന്നതുകൊണ്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?;

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വെഹിക്കിൾ ടാക്സ് കോംപൻസേഷൻ ഗ്രാന്റ്, ബേസിക് ടാക്സ് ഗ്രാന്റ്, റൂറൽ പൂൾ ഗ്രാന്റ്, റെയിൽവേ മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്കായി അനുവദിക്കുന്ന തുക ഏത് പ്രകാരം ചെലവഴിക്കണം എന്നത് സംബന്ധിച്ച് നിബന്ധനകൾ പാലിക്കുന്നതിന് നിർദ്ദേശം നൽകാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുടെ ചട്ടക്കൂടിനുള്ളിൽ ഉത്തരവാദിത്വബോധത്തോടെയും സ്വതന്ത്രമായും പ്രാദേശിക പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തുന്നതിന് പദ്ധതി വിഹിതം നൽകുകയും അതിന് സഹായകരമായ രീതിയിൽ സർക്കാർ മാർഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly